B

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

705

# വാർഷിക മൂല്യനിർണയം 2015-16

## സാമൂഹ്യശാസ്ത്രം

**ക്ലാസ്സ് VII** **സമയം: 2 മണിക്കൂർ**

**നിർദേശങ്ങൾ**

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം

**1. ഇന്ത്യയെ സമ്പൽ സമൃദ്ധമാക്കുന്നതിലും സാംസ്കാരിക സമ്പന്നമാക്കുന്നതിലും നദികൾ വഹിച്ച പങ്ക് വളരെ വലുതാണ്. അവയിൽ പ്രധാനപ്പെട്ട നദികളാണ്, ഗംഗ, കാവേരി, കൃഷ്ണ, സിന്ധു, നർമ്മദ, താപ്തി, മഹാനദി, ബ്രഹ്മപുത്ര, ഗോദാവരി മുതലായവ.**

A. തന്നിരിക്കുന്ന നദികളെ ഹിമാലയൻ നദികൾ, ഉപദ്വീപീയ നദികൾ എന്നീ ക്രമത്തിൽ പട്ടികപ്പെടുത്തുക.

B. ഹിമാലയൻ നദികളുടേയും ഉപദ്വീപീയ നദികളുടേയും പ്രത്യേകതകൾ എന്താണ്?

C. വാരണാസി പട്ടണം സ്ഥിതിചെയ്യുന്നത ഏത് നദിയുടെ കരയിലാണ്.

**2.**




**അനുക്കുട്ടിയുടെ ചിന്തകൾ വായിച്ചില്ലേ. അവളുടെ സാമൂഹിക ബന്ധം എത്ര ശക്തമാണ് അല്ലേ...?**

A. അനുക്കുട്ടിയുടെ സാമൂഹിക ബന്ധം ശക്തമാകുന്നതിൽ ഏതൊക്കെ ഘടകങ്ങൾ സഹായിച്ചി-ട്ടുണ്ടാകും?

B. സാമൂഹീകരണം എന്നാൽ എന്താണ്.?

C. സമൂഹീകരണത്തിന് തടസ്സമാകുന്നഏതെങ്കിലും രണ്ടു പ്രവർത്തനങ്ങൾ എഴുതുക.

**3. നവകേരള സൃഷ്ടിക്കായി പ്രവർത്തിച്ച മഹത് വ്യക്തികൾ അനവധിയാണ്. ഓരോരുത്തരു -ടേയും പ്രവർത്തനങ്ങൾ കേരളത്തെ ഒരു പുത്തൻ യുഗത്തിലേക്ക് നയിച്ചു.**

A. കേരളത്തിലെ ചില സാമൂഹിക പരിഷ്കർത്താക്കളുടെ ആശയങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. ഈ ആശയങ്ങൾ പ്രചരിപ്പിച്ചത് ആരെല്ലാമാണ്.

| | |
|---|---|
| 1 | **മനുഷ്യത്വമാണ് മനുഷ്യന്റെ ജാതി.** |
| 2 | **വിദ്യയും വിത്തവും ഉണ്ടെങ്കിലേ മനുഷ്യ പുരോഗതി സാധ്യമാകൂ.** |
| 3 | **സമ്പന്നർ പാവങ്ങൾക്ക് വിദ്യാഭ്യാസം നൽകാനുള്ള ചെലവ് വഹിക്കുകയും അവർക്ക് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കാൻ സഹായിക്കുകയും വേണം.** |

B. സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളിലൂടെ കേരളത്തിൽ ഉണ്ടായ ഏതെങ്കിലും നാല് നേട്ടങ്ങൾ എഴുതുക.

**4. ഇന്ത്യയിലേക്ക് കടൽ മാർഗ്ഗം വാണിജ്യപാത കണ്ടെത്തിയതോടെ യൂറോപ്യൻമാർ ഇന്ത്യയിൽ വാണിജ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചു. ഇത് നമ്മുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മേഖലകളെ സ്വാധീനിച്ചു.**

A. ചവിട്ടുനാടകം എന്ന കലാരൂപം കേരളത്തിൽ പ്രചരിപ്പിച്ച യൂറോപ്യൻമാർ ആരാണ്?

B. തന്നിരിക്കുന്ന പട്ടിക ശരിയായ രീതിയിൽ ക്രമീകരിക്കുക.

| വിദേശ ശക്തികൾ | ബന്ധപ്പെട്ട വർഷം | സ്ഥലങ്ങൾ/സംഭവങ്ങൾ |
|---|---|---|
| പോർട്ടുഗീസുകാർ | 1600 | കുളച്ചൽ യുദ്ധം |
| ഡച്ചുകാർ | 1664 | കോഴിക്കോട്, കണ്ണൂർ |
| ഫ്രഞ്ചുകാർ | 1498 | ബംഗാൾ, മൈസൂർ |
| ഇംഗ്ലീഷുകാർ | 1741 | മാഹി, കാരയ്ക്കൽ |

**5. ഭൂമിയിൽ സൂര്യരശ്മികൾ ലംബമായും ചരിഞ്ഞും പതിക്കുന്നത് പ്രാദേശിക താപനിലയേയും കാലാവസ്ഥയേയും സ്വാധീനിക്കുന്നു.**

A. ദിനാന്തരീക്ഷസ്ഥിതി, കാലാവസ്ഥ ഇവ തമ്മിലുള്ള വ്യത്യാസമെന്ത്?

B. സൂര്യപ്രകാശം നിരന്തരം ഭൂമിയിൽ പതിക്കുന്നുണ്ടെങ്കിലും ഭൂമിയുടെ ഉപരിതല താപം ക്രമാതീ -തമായി ഉയരുന്നില്ല, എന്തുകൊണ്ട്?

C. അന്തരീക്ഷ താപം അളക്കുന്ന ഉപകരണത്തിന്റെ പേരെന്ത്?

**6. ഒരു രാജ്യത്തിന്റെ ഭരണത്തെ സംബന്ധിക്കുന്ന നിയമങ്ങളുടേയും അടിസ്ഥാന ആശയങ്ങളു -ടേയും തത്ത്വങ്ങളുടേയും സംഹിതമാണ് ഭരണഘടന.**

എ. ലോകത്തിലെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയുള്ള രാജ്യമേത്?

ബി. പ്രസിഡൻഷ്യൽ സമ്പ്രദായത്തിൽ നിന്നും പാർലമെന്ററി സംവിധാനം എങ്ങനെ വ്യത്യാസപ്പെ -ട്ടിരിക്കുന്നു? ഉദാഹരണ സഹിതം വിശദമാക്കുക.

സി. ഇന്ത്യൻ ഭരണഘടനയുടെ ആമുഖം രചിച്ചത് ആരാണ്?

**7. ബ്രിട്ടീഷ് ഭരണാധികാരികൾ ഇന്ത്യൻ ജനതയുടെ പൗരാവകാശങ്ങൾ ലംഘിക്കുന്ന നിരവധി നിയമങ്ങൾ നടപ്പിലാക്കിയിരുന്നു.**

A. റൗലത്ത് ആക്ടിലൂടെ ബ്രിട്ടീഷ് സർക്കാരിന് ലഭിച്ച അധികാരങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

B. ജാലിയൻവാലാബാഗ് സംഭവത്തെ തുടർന്ന് 'കൈസർ-എ-ഹിന്ദ്' എന്ന പദവി ഉപേക്ഷിച്ചതാരാണ്?

C. നിസ്സഹകരണ സമരത്തിന്റെ ഭാഗമായി നടന്ന രണ്ട് ക്രിയാത്മക പ്രവർത്തനങ്ങൾ ഏവ?

**8. നിത്യ ജീവിതത്തിൽ മനുഷ്യർക്ക് ഒഴിച്ചു കൂടാനാവാത്ത ഒന്നാണ് ഭൂപടങ്ങൾ.**

A. തന്നിരിക്കുന്ന സൂചകങ്ങൾക്ക് അനുസരിച്ച് ഒരു വാർഡിന്റെ രൂപരേഖ തയ്യാറാക്കുക.

* വാർഡിന്റെ നീളം 6 കിലോ മീറ്ററും വീതി 4 കിലോ മീറ്ററുമാണ് (ഉചിതമായ തോത് സ്വീകരിക്കുക)

* വാർഡിന്റെ വടക്ക് കിഴക്കേ മൂലയിൽ നിന്ന് തെക്കു പടിഞ്ഞാറേ മൂലയിലേക്ക് ഒരു നദി ഒഴുകുന്നുണ്ട്.

* തെക്കു കിഴക്ക് ഭാഗത്ത് ഒരു വിശാലമായ നെൽപാടം സ്ഥിതി ചെയ്യുന്നു.

* നദിയുടെ ഇരുകരകളിലും പാർപ്പിട കേന്ദ്രങ്ങളാണ്.

* നദിക്ക് കുറുകെ വാർഡിന്റെ മധ്യഭാഗത്തു കൂടി തെക്കു വടക്കായി ഒരു റോഡ് കടന്നു പോകുന്നു.

* റോഡിന്റെ തെക്കു പടിഞ്ഞാറ് നദിയുടെ പടിഞ്ഞാറായി ഒരു യു.പി സ്ക്കൂൾ സ്ഥിതി ചെയ്യുന്നു.